ഉത്തരം

(എ) 1997-ൽ.

(ബി) സർക്കാർ നവീകരണ പരിപാടിക്ക് വേണ്ടിയുള്ള വായ്പയുമായി ബന്ധപ്പെട്ട് 1997-2001 കാലയളവിൽ വിവിധ വകുപ്പ് മേലധികാരികളുമായും മന്ത്രിമാരുമായും അനേക തവണ ചർച്ചകൾ നടത്തുകയുണ്ടായി.

(സി) ഇല്ല.

(ഡി) സ്റ്റിയറിംഗ് കമ്മിറ്റി 18 തവണ യോഗം ചേർന്നിട്ടുണ്ട്. ഇവയിൽ നടന്ന ചർച്ചകളൊക്കെ തന്നെ തുടർസ്വഭാവമുള്ളവയും ചെറുതും വലുതുമായ അനേകം രേഖകളുടെയും പ്രോജക്ടുകളുടെയും പഠനവുമായും സ്ഥിരമായ മാറ്റങ്ങളിലൂടെയും തിരുത്തലുകളിലൂടെയും ഉള്ള പ്രോജക്ട് രൂപീകരണവും ഒക്കെയായി ബന്ധപ്പെട്ടവയാണ്. ഇക്കാരണത്താൽ തന്നെ അവയുടെ അവസാന ഉൽപ്പന്നം സർക്കാർ നവീകരണ പരിപാടിയുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളാണ്. സർക്കാർ നവീകരണ പരിപാടിയുമായി ബന്ധപ്പെട്ട പ്രധാന ഉത്തരവുകളെല്ലാം തന്നെ സ്റ്റിയറിംഗ് കമ്മിറ്റിയുടെ ശുപാർശ പരിശോധിച്ച് പുറപ്പെടുവിച്ചവയാണ്. ഈ ഉത്തരവുകൾ സർക്കാർ നവീകരണ പരിപാടിയുടെ ഔദ്യോഗിക ജാലികയായ *www.keralamgp.org*-യിൽ പൂർണ്ണരൂപത്തിൽ ലഭ്യമാണ്.

(ഇ) 2002 ഏപ്രിലിൽ കോവളത്ത് വച്ച് എ.ഡി.ബി. പ്രതിനിധികളുമായി ചർച്ചകൾ നടത്തിയിട്ടില്ല.

(എഫ്) ഉദിക്കുന്നില്ല.

(ജി) ഉദിക്കുന്നില്ല.

എ.ഡി.ബി. സംഘത്തിന്റെ സന്ദർശനം

6 [708] ശ്രീ. കെ. പി. രാജേന്ദ്രൻ:
,, പി. നാരായണൻ:
,, എൻ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എ.ഡി.ബി. സംഘം സംസ്ഥാനത്തെ ഭരണപരിഷ്കാരങ്ങളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഈ സംഘം ഇതിന്റെ ഭാഗമായി എത്ര സർക്കാർ ആഫീസുകളും മറ്റ് സ്ഥാപനങ്ങളും സന്ദർശിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) ഇത്തരം സന്ദർശനത്തിനുശേഷം സംഘം ഏതെങ്കിലും നിഗമനങ്ങളിൽ എത്തിച്ചേർന്നിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ അതെന്താണെന്നും വ്യക്തമാക്കുമോ;

(ഡി) എ.ഡി.ബി. സംഘങ്ങളുടെ ഇത്തരം സന്ദർശനത്തിനെതിരെ വ്യാപക പ്രതിഷേധം ഉയർന്നിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സർക്കാർ നവീകരണ പരിപാടിയുടെ നിർവ്വഹണം ആരംഭിച്ചിട്ടേയുള്ളൂ. അതിനാൽ നിർവ്വഹണ പുരോഗതി വിലയിരുത്തിത്തുടങ്ങിയിട്ടില്ല.

(ബി) ഭരണപരിഷ്കാരങ്ങൾ വിലയിരുത്താൻ എ.ഡി.ബി. സംഘം സർക്കാർ ഓഫീസുകൾ സന്ദർശിച്ചിട്ടില്ല.

(സി) ഉദിക്കുന്നില്ല.

(ഡി) ഉദിക്കുന്നില്ല.

ധനകാര്യ കമ്മീഷൻ മുമ്പാകെ ഉന്നയിച്ചിട്ടുള്ള ആവശ്യങ്ങൾ

7 [710] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പന്ത്രണ്ടാം ധനകാര്യ കമ്മീഷൻ മുമ്പാകെ സംസ്ഥാന സർക്കാർ സമർപ്പിച്ച മെമ്മോറാണ്ടത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) കമ്മീഷനുമായുള്ള സർക്കാർ പ്രതിനിധികളുടെ ചർച്ചയിൽ എന്തെല്ലാം ആവശ്യങ്ങളിന്മേൽ അനുകൂല നിലപാടുകൾ ഉണ്ടായിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) പകർപ്പ് വയ്ക്കുന്നു.†

(ബി) പന്ത്രണ്ടാം ധനകാര്യ കമ്മീഷന്റെ വ്യക്തമായ കാഴ്ചപ്പാട് കമ്മീഷൻ റിപ്പോർട്ട് ലഭിച്ചാൽ മാത്രമേ അറിയാൻ സാധിക്കുകയുള്ളൂ.

സംസ്ഥാന സർവ്വീസിലെ അധിക തസ്തികകൾ

8 [712] ശ്രീ. പി. ടി. തോമസ്:
,, എം. മുരളി:
,, കെ. എ. ചന്ദ്രൻ:
,, ജി. പ്രതാപവർമ്മ തമ്പാൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് സംസ്ഥാന സർവ്വീസിൽ എത്ര തസ്തികകളാണ് അധികമുള്ളത് എന്നതിനെപ്പറ്റി എന്തെങ്കിലും റിപ്പോർട്ട് തയ്യാറാക്കിയിരുന്നുവോ;

(ബി) എങ്കിൽ എത്ര തസ്തികകൾ അധികമായുള്ളതായാണ് കണ്ടെത്തിയത്;

(സി) ഈ സർക്കാരിന്റെ കാലത്ത് എത്ര തസ്തികകൾ സംസ്ഥാന സർവ്വീസിൽ അധികമുള്ളതായാണ് കണ്ടെത്തിയിട്ടുള്ളത് എന്ന് വിശദമാക്കുമോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly